**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1142** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കള്ളാടി - ആനക്കാംപൊയിൽ തുരങ്കപാത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാർ കള്ളാടി-ആനക്കാംപൊയിൽ തുരങ്കപാതയുടെ നിർമ്മാണോദ്ഘാടനം നടത്തിയത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിക്കുന്നതിനു മുൻപാണോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (MoEF&CC) പരിസ്ഥിതി അനുമതി File No. 10/10/2025-IA.III dated 17.06.2025 പ്രകാരം ലഭിച്ചിരുന്നു. ഇത് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പാണ്.

**(ബി)** അന്തിമാനുമതി കിട്ടിയതിനുശേഷം മാത്രമേ പ്രദേശത്ത് എന്തെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് 2022 ഏപ്രിൽ 11 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ നിർദ്ദേശം മുൻ സർക്കാർ പാലിച്ചിരുന്നോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പരിസ്ഥിതി അനുമതി ഉൾപ്പെടെയുള്ള എല്ലാ നിയമാനുസൃത അനുമതികളും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ് ലഭ്യമാക്കിയിരുന്നു. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 17.06.2025-ലെ File No. 10/10/2025-IA.III പ്രകാരമുള്ള പരിസ്ഥിതി അനുമതിയും ഇതിൽ ഉൾപ്പെടുന്നു. അതിനാൽ 11.04.2022-ലെ മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ ലംഘനം ഉണ്ടായിട്ടില്ല.

**(സി)** പദ്ധതി പ്രദേശത്തേക്കുള്ള താൽക്കാലിക പാലം, ക്രഷർ യൂണിറ്റ്, ഇന്ധനടാങ്ക്, ക്യാമ്പ് ഷെഡ് തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമാനുമതി ഇല്ലാതെ ആരംഭിച്ച എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പദ്ധതിക്ക് പരിസ്ഥിതി അനുമതി ഇതിനകം ലഭിച്ചിരുന്നതിനാൽ, നടത്തിയ പ്രാരംഭ സൗകര്യ വികസന പ്രവൃത്തികൾ അംഗീകൃത പരിസ്ഥിതി അനുമതിയുടെ പരിധിയിൽപ്പെട്ടവയാണ്.

**സെക്ഷൻ ഓഫീസർ**